അർഹമായ കുടുംബങ്ങൾക്ക് ഒരാഴ്ചത്തെ സൗജന്യ റേഷൻ അനുവദിച്ചു നല്കുവാനും മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവമൂലം ഉള്ള ഗതാഗത തടസ്സം ഉടനടി തീർക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണമെന്നും ഗതാഗതം പുന:സ്ഥാപിക്കും വരെ പകരമുള്ള റൂട്ടുകൾ കണ്ടെത്തുന്നതിനും വാർത്താവിനിമയം തടസ്സപ്പെട്ടാൽ അതിന് പകരം സംവിധാനം കണ്ടെത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി)&(സി) 516 വീടുകൾ പൂർണ്ണമായി തകർന്നതുമൂലം 91.79 ലക്ഷം രൂപയുടേയും 4184 വീടുകൾ ഭാഗികമായി തകർന്നതുമൂലം 230.37 ലക്ഷം രൂപയുടേയും നഷ്ടം കണക്കാക്കുന്നു. മറ്റു കണക്കുകൾ പൂർണ്ണമായി തിട്ടപ്പെടുത്തിയിട്ടില്ല. കാർഷിക മേഖലയിൽ തിരുവനന്തപുരം, കണ്ണൂർ, ജില്ലകളിലൊഴികെ ഉള്ള നഷ്ടം 1393.19 ലക്ഷമാണ്. വിശദമായ കണക്ക് കൃഷിവകുപ്പ് കണക്കാക്കി വരുന്നതേയുള്ളൂ. കടലാക്രമണംമൂലമുള്ള നഷ്ടവും കണക്കാക്കി വരുന്നണ്ടു്. ഇതേവരെ ലഭ്യമാക്കിയിട്ടുള്ള നാശനഷ്ടങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി† വച്ചിരിക്കുന്നു.

(ഡി) പ്രകൃതിക്ഷോഭംമൂലം മരണമടയുന്ന മുതിർന്ന ആളുകളുടെ കുടുംബത്തിന് 30,000/- രൂപ വീതവും കുട്ടികളുടെ കുടുംബത്തിന് 10,000/- രൂപ വീതവുമാണ് നല്കുന്നത്. പരിക്കേറ്റവർക്ക് സർക്കാർ ആശുപത്രിക്ക് പുറത്തുപോയി ചികത്സിക്കേണ്ടിവന്നാൽ പരമാവധി 1,500/- രൂപ വരെയും നൽകുന്നുണ്ട്. പൂർണ്ണമായി തകർന്ന വീട് പുനർനിർമ്മിക്കുന്നതിനായി 15,000/- രൂപ മൂന്ന് ഗഡുക്കളായി നല്കും. ഭാഗികമായി നാശം വന്ന വീടുകൾക്ക് നഷ്ടത്തോതനുസരിച്ച് പരമാവധി 5,000/- രൂപ വരെയും നല്കുന്നുണ്ട്.

(ഇ) കൃഷിവകുപ്പ് തിട്ടപ്പെടുത്തുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുക ജില്ലാ കളക്ടർമാർ മുഖേനയാണ് നൽകി വരുന്നത്. ഇക്കാര്യത്തിനായി പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(എഫ്) ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ നാശനഷ്ടങ്ങളും മറ്റും നേരിട്ട് പരിശോധന നടത്തിയശേഷം തിട്ടപ്പെടുത്തുന്ന നഷ്ടകണക്കുകൾ പരിഗണിച്ചാണ് വീടുകൾ നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ധനസഹായം അനുവദിക്കുന്നത്. അർഹതയായവർക്കു മാത്രമേ ധനസഹായം നൽകുന്നുള്ളുവെന്നു ഉറപ്പുവരുത്തണമെന്ന് തഹസീൽദാർമാർക്ക് ജില്ലാ കളക്ടർമാർ നിർദ്ദേശവും നല്കിയിട്ടുണ്ട്.

11 (*131) അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> :
<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :
<u>ശ്രീ. എൻ. കണ്ണൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അംഗൻവാടികൾക്ക് സൗകര്യപ്രദമായ കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകമൂല്യമുള്ള ആഹാര പദാർത്ഥങ്ങൾ, വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) അംഗൻവാടി ഹെൽപ്പർമാരുടെയും വർക്കർമാരുടേയും ക്ഷേമം മുൻനിർത്തി ആവശ്യമായ ആശ്വാസ നടപടികൾ സ്വീകരിക്കുമോ;

(ഇ) അംഗൻവാടികൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ കൂടുതൽ അംഗൻവാടികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അംഗൻവാടികളുടെ കെട്ടിട നിർമ്മാണം പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുണ്ട്. ഇപ്പോൾ പ്രവർത്തിക്കുന്നവയിൽ പകുതിയോളം അംഗൻവാടികളുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി ആരംഭിക്കുന്ന 6637 അംഗൻവാടികളിൽ 3200 എണ്ണത്തിന്റെ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 800 അംഗൻവാടികളിൽ കുടിവെള്ളത്തിനുള്ള സംവിധാനങ്ങളും സ്വീകരിച്ചുവരുന്നു. ശേഷിക്കുന്ന അംഗൻവാടികൾക്ക് കെട്ടിടങ്ങളും ഇതരസൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗൻവാടികൾക്കായി കളിക്കോപ്പുകൾ, പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിനാവശ്യമുള്ള കിറ്റുകൾ ഇവ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. അംഗൻവാടികൾക്കുള്ള കെട്ടിട നിർമ്മാണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്. 32000 അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് 1.25 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്, ഇതിന്റെ 25% ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതും, കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കേണ്ടതുമാണ്. നിർമ്മാണ ചെലവിന്റെ 75% ലോകബാങ്ക് സഹായമായി ലഭ്യമാക്കുന്നതാണ്.

(സി) അംഗൻവാടികളിലെ ആഹാര വിതരണത്തിന്റെ പൂർണ്ണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. കൂടിയ പോഷക മൂല്യങ്ങളുള്ള ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ആവശ്യമായ നടപടികൾ എടുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടേയും ക്ഷേമം മുൻനിർത്തി അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. ഇവർക്കായി ആശ്രിത നിയമനം ഏർപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിട്ടുണ്ട്. കൂടാതെ സൂപ്പർവൈസർമാരുടെ മൊത്തം ഒഴിവിന്റെ 25% അംഗൻവാടി വർക്കർമാർക്കായി നീക്കിവച്ചിട്ടുണ്ട്. വിദ്യാഭ്യാസയോഗ്യത സ്വീകരിക്കാനാഗ്രഹിക്കുന്നവർക്ക്. മൂന്ന് വർഷംവരെ അവധിയും അനുവദിക്കുന്നുണ്ട്. അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയത്തിൽ 100 രൂപയുടെ വർദ്ധനവ് അനുവദിക്കുന്നതിനുള്ള നടപടികളുംസ്വീകരിച്ചുവരുന്നു.

(ഇ) നടപടികൾ സ്വീകരിച്ചു വരുന്നു.

12 (*132) തെരുവ് ശിശുക്കളെ പുനരധിവസിപ്പിക്കുവാൻ പദ്ധതി

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ തെരുവ് ശിശുക്കളെ പുനരധിവസിപ്പിക്കാനും അവർക്ക് പാർപ്പിടവും ഔപചാരിക വിദ്യാഭ്യാസവും നൽകാനുമുള്ള പദ്ധതി ആവിഷ്കൃതമായിട്ടുണ്ടോ;

(ബി) ശിശുക്കളെ ഉപയോഗിച്ച് യാചകവൃത്തി നടത്തി ശിശുക്കളുടെ ഭാവി ഹനിക്കുന്നവരിൽനിന്നും അവരെ മോചിപ്പിച്ച് ക്ഷേമ സമിതിയെ ഏൽപ്പിക്കുവാൻ സാമൂഹ്യക്ഷേമവകുപ്പ് ആഭ്യന്തരവകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി സുശീലാ ഗോപാലൻ)</u> :

(എ)&(ബി) കേരളത്തിലെ തെരുവുകളിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന കുട്ടികൾക്കുവേണ്ടി ആലപ്പുഴയിലും കോഴിക്കോടും ബാലസദനങ്ങളും ബാലനീതി നിയമം പ്രകാരം പ്രവർത്തിക്കുന്ന 6 ജുവനൈൽ ഹോമുകളും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിൽ കുട്ടികളുടെ പുനരധിവാസം വിദ്യാഭ്യാസം തൊഴിൽ പരിശീലനം എന്നിവയ്ക്കുവേണ്ട സൗകര്യങ്ങൾ നൽകിവരുന്നു. 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കുവേണ്ടി ഫൗണ്ടലിംഗ് ഹോമുകൾ പ്രവർത്തിക്കുന്നു. ഇവയ്ക്ക് പുറമേ സർക്കാരിന്റെ സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നിവിടങ്ങളിൽ യാചക ഭവനങ്ങൾ പ്രവർത്തിക്കുന്നു. ഇവയ്ക്ക് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുണ്ട്. ഇതു കൂടാതെ തെരുവു കുട്ടികളുടെ പുനരധിവാസത്തിനും തൊഴിൽ പരിശീലനത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ ഒരു സംയോജിത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഇവർക്ക് നൈറ്റ് ഷെൽട്ടർ, ഔപചാരിക വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം പോഷകാഹാരം, വിനോദ പരിപാടികൾ മുതലായ കാര്യങ്ങൾ സന്നദ്ധസംഘടനകൾ മുഖാന്തിരം നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു. യാചക വൃത്തി നടത്തി വരുന്ന തെരുവ് ശിശുക്കളെ മോചിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള ഈ പദ്ധതികളെല്ലാം ആഭ്യന്തരവകുപ്പുമായി സഹകരിച്ചാണ് നടപ്പിലാക്കി വരുന്നുത്. കൂടാതെ അധികാരവികേന്ദ്രീകരണത്തിനുശേഷം തെരുവു കുട്ടികളുടെ സംരക്ഷണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly